# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 102 10/12/2012 ൽ മറുപടിക്ക്

## <u>വയനാട് ജില്ലയിലെ എൽ. ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ്</u>

| <u>ചോദ്യം:</u> | <u>ഉത്തരം:</u> |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര മാസമായി എന്ന് അറിയിക്കുമോ; | (എ) വയനാട് ജില്ലയുടെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് 6 മാസമായിട്ടുണ്ട്. (17/5/2012ൽ പ്രസിദ്ധീകരിച്ചു). |
| (ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; | (ബി) റിപ്പോർട്ട് ചെയ്ത 3 ഒഴിവു കളിൽ ഒരു പ്രതീക്ഷിത ഒഴിവ് ഒഴികെ മറ്റു രണ്ട് ഒഴിവുകളിലേക്ക് നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നിലവിൽ എത്ര ഒഴിവുകൾ പി.എ സ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (സി) വിശദാംശം ചുവടെ ചേർക്കുന്നു.<br>പട്ടിക വർഗ്ഗ വികസന വകുപ്പ് 1<br>(പ്രതീക്ഷിത ഒഴിവ്)<br>സഹകരണ വകുപ്പ് 1<br>നഗര ഗ്രാമാസൂത്രണവകുപ്പ് 1<br>**ആകെ** 3 |
| (ഡി) പ്രസ്തുത തസ്തികയിലേക്ക് വരുന്ന വയനാട് ജില്ലയ്ക്കുള്ള ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ എത്രയെണ്ണം റിപ്പോർട്ടു ചെയ്തുവെന്ന് വകുപ്പു തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ഡി) നഗര ഗ്രാമാസൂത്രണ വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്ത 1 ഒഴിവ് ഹെഡ് ക്വാർട്ടർ ഒഴിവാകുന്നു. |
| (ഇ) 2013 മാർച്ച് മാസം 31നകം പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ജോലി ലഭിക്കുമെന്ന് അറിയിക്കുമോ? | (ഇ) വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ